വിദഗ്ദ്ധരുടെയും വിദഗ്ധ ഏജൻസികളുടെയും സേവനം കമ്മീഷൻ തേടുകയുണ്ടായി. ഇതിന്റെ തുടർച്ചയായി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള അന്തിമ പ്രവർത്തനങ്ങളിലാണ് കമ്മീഷൻ ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. 2014 ആഗസ്റ്റ് മാസം വരെ കമ്മീഷൻ സെക്രട്ടേറിയറ്റിലെ താല്ക്കാലിക ഓഫീസിലാണ് പ്രവർത്തിച്ചിരുന്നത്. അതിനുശേഷം നാളിതുവരെ കമ്മീഷൻ പ്രവർത്തിക്കുന്നത് നന്ദൻകോട് സ്വരാജ് ഭവനിൽ കമ്മീഷന് അനുവദിച്ച ഓഫീസിലാണ്. സ്ഥിരമായ ഓഫീസ് സംവിധാനം ലഭിക്കാനുണ്ടായ കാലതാമസംമൂലം കൃത്യമായ രീതിയിൽ ഓഫീസ് പ്രവർത്തനം ആരംഭിക്കാൻ താമസമുണ്ടായി.

(ഡി) കമ്മീഷന്റെ പ്രവർത്തനത്തിന് ആവശ്യമായ സഹായ സഹകരണങ്ങൾ ഗവൺമെന്റിൽ നിന്നും ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക

108(2096) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ; പ്ലാൻ നോൺപ്ലാൻ, ഉപധനാഭ്യർത്ഥന ഉൾപ്പെടെ വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ ;

(ബി)2014-15 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതത്തിന്റെ എത്ര ശതമാനം വീതം ഓരോ വകുപ്പും ചെലവഴിച്ചു; വിശദമാക്കുമോ;

(സി) 2014-15 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി ലഭിച്ച കേന്ദ്ര വിഹിതം എത്ര ; അതിൽനിന്നും വിവിധ പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചു ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) 2014-15 സാമ്പത്തിക വർഷം ഓരോ ധനാഭ്യർത്ഥനയുടേയും കീഴിൽ വിവിധ വകുപ്പുകൾക്കായി പദ്ധതി, പദ്ധതിയേതര ഇനത്തിൽ ഉപധനാഭ്യർത്ഥന ഉൾപ്പെടെ വകയിരുത്തിയ തുക, അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരമുള്ള ചെലവഴിച്ച തുകയുടെ ശതമാനത്തിലുള്ള കണക്ക് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രാഥമിക കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളിൽ നിന്നും 4950.84 കോടി രൂപ ധനസഹായമായി സംസ്ഥാനത്തിന് ലഭ്യമായതായി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കണക്കാക്കുന്നു. ഇതിൽ വിവിധ നിർവ്വഹണ ഏജൻസികൾക്ക് കേന്ദ്ര സർക്കാർ നേരിട്ട് സഹായം നൽകി വരുന്നതിൽ, 2014-15 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ബഡ്ജറ്റ് വഴി പ്രസ്തുത ഏജൻസികൾക്ക് കൈമാറ്റം ചെയ്യുകയും ഉൾപ്പെടും. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം വിവിധ വകുപ്പുകൾ വഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2014-15 സാമ്പത്തിക വർഷം 1508.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം

109(2097) ശ്രീ. എളമരം കരീം :

ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി, വർഷാന്ത്യം തിടുക്കപ്പെട്ട് കാര്യങ്ങൾ ചെയ്യുന്നത് ഒഴിവാക്കാൻ നൽകിയ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സാമ്പത്തിക നഷ്ടം സംഭവിക്കാതിരിക്കാനുള്ള പ്രസ്തുത നിർദ്ദേശങ്ങൾ പ്രാവർത്തികമാകാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) പദ്ധതി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതെ വർഷാന്ത്യം തിടുക്കപ്പെട്ട് നടത്തേണ്ടിവരുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചകൾ കാരണമാകുന്നുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സാമ്പത്തിക വർഷത്തിന്റെ ഓരോ പാദത്തിലും വിവിധ വകുപ്പുകൾ ചെലവഴിക്കേണ്ട പദ്ധതി തുക സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം നിലവിലുണ്ട്. അതിൻപ്രകാരം ആദ്യ പാദത്തിൽ പദ്ധതി വിഹിതത്തിന്റെ 10 ശതമാനവും രണ്ടാം പാദത്തിൽ 20 ശതമാനവും മൂന്നാം പാദത്തിൽ 30 ശതമാനവും നാലാം പാദത്തിൽ 40 ശതമാനവും പദ്ധതി തുക ചെലവഴിക്കണം. ഇപ്രകാരം പദ്ധതി നിർവ്വഹണ പുരോഗതി വകുപ്പുതലവൻമാർ/സെക്രട്ടറിമാർ തുടങ്ങിയവർ വിലയിരുത്തുന്നു. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡ് ഓൺലൈൻ പദ്ധതി നിർവ്വഹണ നിരീക്ഷണ സംവിധാനമായ

LIBRARY ARCHIVES Kerala Legislative Assembly